File No.TCPCTP/213/2020-C2

# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
# തിരുവനന്തപുരം

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - മലപ്പുറം ജില്ല വണ്ടൂർ ഗ്രാമപഞ്ചായത്ത് വണ്ടൂർ വില്ലേജ് ക്രഷർ യൂണിറ്റ് നിർമ്മാണം ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. വണ്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22/11/2019 ലെ എ 2/8507/19 നമ്പർ കത്ത്.

2. മലപ്പുറം ടൗൺ പ്ലാനറുടെ 20/01/2020 തീയതിയിലെ TCPMPM/2422/2019-A3 നമ്പർ കത്ത്

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/213/2020-C2 തീയതി:**13/02/2020**

---

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വണ്ടൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 100/1-4 - ൽ ഉൾപ്പെട്ട 1.6289 ഹെക്ടർ സ്ഥലത്തിൽ ലീസിന് എടുത്തിട്ടുള്ള 0.4047 ഹെക്ടർ സ്ഥലത്ത് ആകെ 252 ച.മീ. വിസ്തീർണ്ണമുള്ള ക്രഷർ യൂണിറ്റ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.ഹംസ, കൊക്കർണ്ണി ഹൗസ്, പുളിയക്കോട്, ചാത്തങ്ങോട്ട്പുറം.പി.ഒ, വണ്ടൂർ - ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. നിർമ്മാണം കെ.പി.ബി.ആർ 2011 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതം ആയിരിക്കണം.
2. കെ.പി.ബി.ആർ ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരിതയും ഉടമസ്ഥാവകാശവും പ്രസ്തുത ഭൂമി പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്നും കൂടാതെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ കീഴിൽ വരുന്നതാണോ എന്നും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. ചട്ടം 61(4) പ്രകാരം PWD Road-ൽ നിന്നും വിഭാവിത ക്രഷർ യൂണിറ്റിലേക്ക് സൈറ്റ് പ്ലാനിൽ കാണിച്ചവിധവും Agreement പ്രകാരവും കാണിച്ചിട്ടുള്ള വഴി 8.0 മീറ്റർ വീതിയിൽ ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
4. ചട്ടം 61(11) പ്രകാരം Crusher Unit ന് ചുറ്റും 7.5 മീറ്റർ തുറസ്സായ സ്ഥലം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
5. പെർമിറ്റ് നല്കുന്നതിന് മുമ്പ് ചട്ടം 26(6) പ്രകാരം ബന്ധപ്പെട്ട എല്ലാ വകുപ്പുകളിൽ നിന്നും ചട്ടം 61(5), 61(6) പ്രകാരം പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫയർ

ഡിപ്പാർട്ടുമെന്റ് എന്നിവയിൽ നിന്നും അനുമതി വാങ്ങിയിട്ടുണ്ടെന്നും ആയതിൽ നിഷ്കർഷിക്കുന്ന നിബന്ധനകളെല്ലാം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

6. പെർമിറ്റ് നൽകുന്നതിന് മുമ്പ് ചട്ടം 61(8) പ്രകാരമുള്ള സാനിട്ടേഷൻ സൗകര്യം (W/C, Urinals, Wash Basins, Drinking Water facility) നൽകിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
7. കെ.പി.ബി.ആർ ചട്ടം 101 പ്രകാരം ഭൂഗർഭജല പോഷണ സംവിധാനത്തിനുള്ള ക്രമീകരണങ്ങൾ നൽകേണ്ടതാണ്.
8. പൊല്യൂഷൻ കൺട്രോൾ ബോർഡ് നിർദ്ദേശിക്കും വിധം കെ.പി.ബി.ആർ ചട്ടം 61(16), 61(17) പ്രകാരം വേണ്ടുന്ന insitu liquid waste management treatment recycling and reusing of waste water സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
9. പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം മൂലം തൊട്ടടുത്ത പ്ലോട്ടുകളിലേക്ക് പൊടി ശല്യം ഉണ്ടാവില്ല എന്നും ആയത് ക്രമീകരിക്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡ് നിർദ്ദേശിക്കും പ്രകാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
10. പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനത്തിനുള്ള അസംസ്കൃത വസ്തുവായ ( Crushed stones, water) മുതലായവ സൈറ്റ് പ്ലാനിൽ വ്യക്തമാക്കിയവിധമാണ് ലഭ്യമാക്കുന്നത് എന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
11. വിഭാവിത നിർമ്മാണസ്ഥലം റെയിൽവേ പ്രോപ്പർട്ടിയോട് ചേർന്നുള്ളതാകയാൽ ചട്ടം 5(6) പ്രകാരം റയിൽവേ അതോറിറ്റിയിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
12. ഓഫീസ് ആന്റ് ടോയ്ലറ്റ് ബ്ലോക്കിന് ചട്ടം 104(1),(3) പ്രകാരം disabled persons ന് റാമ്പ് നൽകേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 35/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം:- ഒരു സൈറ്റ് പ്ലാൻ

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
വണ്ടൂർ ഗ്രാമപഞ്ചായത്ത്, വണ്ടൂർ പി.ഒ,
മലപ്പുറം -679328

പകർപ്പ്:-

1. ശ്രീ.ഹംസ, കൊക്കർണ്ണി ഹൗസ്, പുളിയക്കോട്, ചാത്തങ്ങോട്പുറം.പി.ഒ, വണ്ടൂർ
2. ടൗൺ പ്ലാനർ, മലപ്പുറം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം